**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - കോഴിക്കോട് നഗരസഭയിൽ ബസ് സ്റ്റാൻഡ് ടെർമിനൽ നിർമ്മാണത്തിലെ ക്രമക്കേട് - വിജിലൻസ് പരിശോധന - നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. ജോണി സെബാസ്റ്റ്യനെതിരെ ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2363/2016/തസഭവ. തീയതി, തിരുവനന്തപുരം, 05.08.2016.

================================================================================

**പരാമർശം :** 1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 29.01.2014 തീയതിയിലെ ഇ12(വിജ 07/11/എൻആർകെ) 21509/2011 നമ്പർ കത്ത്.

2) കോഴിക്കോട് നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. ജോണി സെബാസ്റ്റ്യന് നൽകിയ 08.10.2014 തീയതിയിലെ 42581/ഇയു1/14/ തസ്വഭവ. നമ്പർ കുറ്റപത്രം.

3) കുറ്റപത്രത്തിന് ശ്രീ. ജോണി സെബാസ്റ്റ്യൻ സമർപ്പിച്ച 07.08.2015 തീയതിയിലെ പ്രതിവാദ പത്രിക.

4) നഗരകാര്യ ഡയറക്ടറുടെ 02.09.2015 തീയതിയിലെ വി2-19006/2014 നമ്പർ കത്ത്.

5) കോഴിക്കോട് നഗരസഭാ സെക്രട്ടറിയുടെ 22.03.2016 തീയതിയിലെ ഇ.ജി.12/103016/14 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് നഗരസഭയിലെ ബസ് സ്റ്റാൻഡ് ടർമിനൽ നിർമ്മാണത്തിലെ ക്രമക്കേട് സംബന്ധിച്ച പരാതിയിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ (കോഴിക്കോട് യൂണിറ്റ്) നടത്തിയ വിജിലൻസ് പരിശോധനയിൽ കോഴിക്കോട് നഗരസഭ മെഡിക്കൽ കോളേജിന് സമീപം നിർമ്മിക്കുവാനുദ്ദേശിച്ച ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് സന്നദ്ധത പ്രകടിപ്പിച്ച ശ്രീ. കെ.പി. മുഹമ്മദ് അലി എന്ന് സ്വകാര്യ വ്യക്തിയുടെ ലാഭത്തിനായി രഹസ്യധാരണ പ്രകാരം സഹായിച്ചിട്ടുള്ളതായും ടിയാന് നഗരസഭയുടെ 77 സെന്റ് ഭൂമി 30 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകുന്നതിനായി തീരുമാനിച്ചതായി കണ്ടെത്തിയ സാഹചര്യത്തിൽ ആയത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ചയായി കണക്കാക്കി ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ., ജോണി സെബാസ്റ്റ്യനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ടിയാന് പരാമർശം രണ്ട് പ്രകാരം കുറ്റാരോപണ പത്രം നൽകുകയുമുണ്ടായി.

2) ശ്രീ. ജോണി സെബാസ്റ്റ്യൻ കോഴിക്കോട് നഗരസഭാ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്നത് 11.08.2008 മുതൽ 04.06.2009 വരെയും 01.08.2009 മുതൽ 30.09.2009 വരെയും ആണെന്നും കോഴിക്കോട് മെഡിക്കൽ കോളേജിനു സമീപം ബസ് സ്റ്റാൻഡ് നിർമ്മാണത്തിന് ഉദ്ദേശിച്ച സ്ഥലത്തിനടുത്ത് നഗരസഭയ്ക്ക് 77 സെന്റ് വിസ്തീർണ്ണത്തിലുള്ളതും ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനോ ആയതിന്റെ അനുബന്ധ ഉപയോഗത്തിന് സാധിക്കുന്നതോ ആയ ഏതെങ്കിലും സ്ഥലം ഉള്ളതായി നഗരസഭാ രേഖകളിലോ തന്റെ അറിവിലോ ഇല്ലെന്നും ആയതിനാൽ തനിക്കെതിരെ കുറ്റാരോപണ പത്രത്തിൽ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ തീർത്തും അടിസ്ഥാനരഹിതമാണെന്നും പരാമർശം മൂന്നിലെ ടിയാന്റെ പ്രതിവാദ പത്രികയിൽ പ്രസ്താവിച്ചിട്ടുണ്ട്. കൂടാതെ മേൽ പരാമർശിച്ച പ്രോജക്ടുമായി ബന്ധപ്പെട്ട് സർക്കാരിന് ലഭിച്ച പരാതിയിൽ അന്നത്തെ റീജിയണൽ ജോയിന്റ് ഡയറക്ടർ, കോഴിക്കോട് സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ തനിക്കെതിരെ യാതൊരുവിധ വിരുദ്ധ പരാമർശങ്ങളും ഉണ്ടായിട്ടില്ലെന്നും ടിയാൻ പ്രസ്താവിച്ചിട്ടുണ്ട്. ശ്രീ. കെ.പി. മുഹമ്മദ് അലി നിർമ്മിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സിന് വഴി ലഭ്യമാക്കുന്നതിനായി PWD/പോലീസ് വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള സ്ഥലം മെഡിക്കൽ കോളേജിന്റെ പാർക്കിംഗ് ആവശ്യങ്ങൾക്കായി വിട്ടു കിട്ടുന്നതിനായി ജില്ലാ കളക്ടർക്ക് കത്തയച്ച സമയത്ത് താൻ കോർപ്പറേഷൻ സെക്രട്ടറിയായിരുന്നില്ല എന്നും ശ്രീ. ജോണി സെബാസ്റ്റ്യൻ ഉന്നയിച്ചിട്ടുണ്ട്. ഈ വസ്തുതകൾ കണക്കിലെടുത്ത് തനിക്കെതിരായ അച്ചടക്ക നടപടികൾ അവസാനിപ്പിക്കണമെന്ന് ടിയാൻ അഭ്യർത്ഥിക്കുകയുണ്ടായി.

3) കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലിന്റെ 12.03.1999 ലെ 31-ാം നമ്പർ തീരുമാന പ്രകാരമാണ് മെഡിക്കൽ കോളേജ് പരിസരത്ത് ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാൻ 1.1647 ഹെക്ടർ വിസ്തീർണ്ണം വരുന്ന ഭൂമി അക്വയർ ചെയ്യാൻ തീരുമാനം എടുത്തതെന്നും ടി അക്വിസിഷൻ പ്രൊപ്പോസലിൽ 08.11.2002-ൽ 4(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചെങ്കിലും നിശ്ചിത സമയപരിധിക്കകം നടപടികൾ പൂർത്തീകരിക്കാത്തതിനാൽ 14.12.2004-ൽ ടി ശുപാർശ കോഴിക്കോട് ജില്ലാ കളക്ടർ നഗരസഭയിലേക്ക് തിരിച്ചയയ്ക്കുകയാണ് ഉണ്ടായതെന്നും നഗരകാര്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ശ്രീ. ജോണി സെബാസ്റ്റ്യൻ 11.08.2008 ലാണ് കോഴിക്കോട് നഗരസഭാ സെക്രട്ടറിയായി ചാർജ്ജെടുത്തത് എന്നതിനാൽ സ്ഥലം ഏറ്റെടുക്കൽ നടപടികൾ മന്ദഗതിയിലാക്കാൻ ശ്രമിച്ചുവെന്ന വിജിലൻസ് കണ്ടെത്തലുകളും ആരോപണ പത്രികയിലെ പരാമർശങ്ങളും നിലനിൽക്കുന്നതല്ല എന്നും നഗരകാര്യ ഡയറക്ടർ നാലാം പരാമർശിത കത്തു പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്വകാര്യ പങ്കാളിത്തത്തോടെയുള്ള പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള ഹൈ ലെവൽ കമ്മിറ്റിയുടെ 02.07.2009 ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് 15.07.2009 ലെ സ.ഉ.(കൈ) നം. 131/09/തസ്വഭവ: നമ്പർ ഉത്തരവ് പുറപ്പെടുവിച്ചതും ഇതിൽ നിന്നും മേയർ, സെക്രട്ടറി, KINFRA, ICICI, MO എന്നിവരുടെ രഹസ്യധാരണ പ്രകാരം BOT അടിസ്ഥാനത്തിൽ തീരുമാനിച്ച നിർമ്മാണം BOO വ്യവസ്ഥയിലേക്ക് മാറ്റിയെന്ന ആരോപണവും നിലനിൽക്കുന്നതല്ലെന്നും സ്വകാര്യ ഭൂമിയിൽ സ്വകാര്യ വ്യക്തികളുടെ മൂലധനം ഉപയോഗിച്ച് നിർമ്മിക്കുന്ന സംരംഭങ്ങൾ യഥാർത്ഥത്തിൽ BOO (Build, Own and Operate) കാറ്റഗറിയിൽ തന്നെയാണ് ഉൾപ്പെടുത്തുന്നതെന്നും 05.06.2009 മുതൽ 31.07.2009 വരെയുള്ള കാലയളവിൽ ശ്രീ. ജോണി സെബാസ്റ്റ്യൻ അവധിയിലായിരുന്നതിനാൽ ICICI-KINFRA

തയ്യാറാക്കി സമർപ്പിച്ച കരട് കരാർ തന്റെ ഔദ്യോഗിക പരിശോധനയ്ക്ക് വന്നിട്ടില്ലെന്നും, ഹൈ ലെവൽ കമ്മിറ്റിയുടെ അംഗീകാരവും സർക്കാർ ഉത്തരവും ലഭിച്ച മുറയ്ക്ക് കരാർ ഔപചാരികമായി ഒപ്പുവെക്കുക മാത്രമാണ് ടിയാൻ ചെയ്തിട്ടുള്ളതെന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 27.06.2009-ൽ കോഴിക്കോട് ജില്ലാ കളക്ടർക്ക് കത്തയച്ച സമയത്ത് ശ്രീ. ജോണി സെബാസ്റ്റ്യൻ അവധിയിലായിരുന്നുവെന്ന വാദം ശരിയാണെന്നും കോർപ്പറേഷൻ കൗൺസിൽ തീരുമാനത്തെത്തുടർന്നുള്ള ടി നടപടി നഗരസഭാ സെക്രട്ടറിയുടെ നിയമപരമായ കടമയാണെന്നതും ജില്ലാ കളക്ടർക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ ഒന്നും ഉണ്ടായിട്ടില്ല എന്നതും പരാമർശമർഹിക്കുന്നുവെന്നും ശ്രീ. ജോണി സെബാസ്റ്റ്യന്റെ മറുപടി അംഗീകരിച്ച് ടിയാനെ ശിക്ഷണ നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

4) 05.06.2009 മുതൽ 31.07.2009 വരെയുള്ള കാലയളവിൽ ശ്രീ. ജോണി സെബാസ്റ്റ്യൻ അവധിയിലായിരുന്ന സമയം അഡീഷണൽ സെക്രട്ടറി ശ്രീ. ജോർജ്ജ് വള്ളക്കാലിൽ ആയിരുന്നു ചാർജ്ജ് എന്ന് കോഴിക്കോട് നഗരസഭാ സെക്രട്ടറി 5-ാം പരാമർശിത കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

5) ഈ സാഹചര്യത്തിൽ കോഴിക്കോട് നഗരസഭയിലെ ബസ് സ്റ്റാൻഡ് ടെർമിനൽ നിർമ്മാണത്തിലെ ക്രമക്കേട് സംബന്ധിച്ച പരാതിയിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ (കോഴിക്കോട് യൂണിറ്റ്) നടത്തിയ വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. ജോണി സെബാസ്റ്റ്യനെതിരെ ആരംഭിച്ച അച്ചടക്ക നടപടി, ടിയാന്റെ മറുപടിയും നഗരകാര്യ ഡയറക്ടറുടെ ശുപാർശയും പരിഗണിച്ച്, അവസാനിപ്പിച്ച് ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**രമേശൻ. എം.കെ.,**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), തൃശൂർ
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
ശ്രീ. ജോണി സെബാസ്റ്റ്യൻ, റീജിയണൽ ജോയിന്റ് ഡയറക്ടർ, കോഴിക്കോട്
(നഗരകാര്യ ഡയറക്ടർ മുഖേന)
വിജിലൻസ് വകുപ്പ് (31.05.2016 തീയതിയിലെ 4656/ഡി1/2016/വിജി. നമ്പർ പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**